**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5343** **05-07-2024 - ൽ മറുപടിയ്ക്ക്**

**നാല്യ വർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ രംഗത്ത് നാല്യ വർഷ ബിരുദ കോഴ്സുകൾ പുതിയ ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചാണോ സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ഇവയിൽ ഡോ. ശ്യാം ബി മേനോൻ അധ്യക്ഷനായ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ' മുന്നോട്ടു വച്ച കരിക്കുലം പരിഷ്കരണ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായുള്ള 39 അംഗ 'കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച കരിക്കുലം കമ്മിറ്റിയാണ് നാലുവർഷ ബിരുദ പദ്ധതിയുടെ കരിക്കുലം ചട്ടക്കൂട് ആവിഷ്കരിച്ചത്. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാമൂഹ്യവീക്ഷണവും അക്കാദമിക ലക്ഷ്യങ്ങളും ഉൾച്ചേർന്നുള്ള ഒരു ബദൽ മാതൃകയാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. ദേശീയ നയം പിന്തുടരുന്ന ബിരുദ തലത്തിലുള്ള ഒന്നും രണ്ടും വർഷങ്ങളിലുള്ള കൊഴിഞ്ഞുപോക്ക് (First year exit, Second year exit) കേരളം അംഗീകരിക്കുന്നില്ല. കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം ഉൾക്കൊള്ളുന്ന Kerala Knowledge Systems ഫൗണ്ടേഷൻ തലത്തിലെ മൾട്ടി- ഡിസിപ്ലിനറി കോഴ്സുകളുടെ ഭാഗമായി സംസ്ഥാനം തന്നെ രൂപകൽപന ചെയ്യുകയാണ്. |
| (ബി) | വിവിധ സർവകലാശാലകളിൽ നാല്യ വർഷം ബിരുദ കോഴ്സുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോളേജുകൾക്കും യൂണിവേഴ്സിറ്റിയുടെ പഠന വകുപ്പുകൾക്കും അവധി നൽകിയും പരീക്ഷകൾ മാറ്റിവച്ചും വകുപ്പ് മന്ത്രി നേരിട്ട് ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നാലുവർഷ ബിരുദപ്രോഗ്രാമുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വാശ്രയ / അൺഎയ്ഡഡ് കോളേജുകളിലെയും അധ്യാപകരുമായി ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി 28.06.2024-ന് 2 PM-ന് സംവദിച്ചിരുന്നു. ഇതിനായി അന്നേദിവസം ഉച്ചയ്ക്കുശേഷം കോളേജുകൾക്ക് അവധി നൽകാനും |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ അതിനനുസൃതമായി പരീക്ഷകൾ ക്രമീകരിക്കാനും സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ഇത് സർവകലാശാലകളുടെ സ്വയംഭരണാവകാശത്തിലെ ഇടപെടലാണ് എന്ന ആക്ഷേപത്തിന്മേൽ സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കാമോ? | (സി) | സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ സ്വയംഭരണാവകാശത്തിൽ സർക്കാർ ഇടപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ